ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ഓരോന്നിലും 12 മുതൽ 15 വരെ വീതം കിടക്കകൾ ഇടാവുന്നതും അടുക്കളയും മറ്റും ചേർന്നതുമായ 55 ചെറിയ കെട്ടിടങ്ങൾ ചേർന്നതാണ് നൂറനാട് കുഷ്ഠരോഗ ആശുപത്രി. ഈ കെട്ടിടങ്ങൾക്ക് 60 കൊല്ലത്തിലേറെ പഴക്കമുണ്ട്. ഈ കെട്ടിടങ്ങൾ കൂടാതെ 50 കിടക്കകൾ വീതം ഇടാവുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള രണ്ട് വാർഡുകളും ഉണ്ട്. ആകെ അന്തേവാസികളുടെ എണ്ണം 572 ആണ്. ഇവിടെ 6 ഡോക്ടർമാരടക്കം 49 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ 59 പേഷ്യന്റ് എംപ്ലോയിയും 4 ഓണററി നേഴ്സിംഗ് സിസ്റ്റേഴ്സും ഇവിടെ ജോലി ചെയ്യുന്നുണ്ട്: ഇവിടത്തെ അന്തേവാസികളുടെ ചികിത്സയ്ക്കും പ്രചരണത്തിനുമായി അനുവദിച്ച സ്റ്റാഫിന്റെ സേവനം ഉപയോഗിച്ച് വർഷങ്ങളായി ഒരു ജനറൽ ഒ.പി.യും ഐ.പി. വിഭാഗവും പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷം 38,787 പേരെ ഓ.പി.യായി ചികിത്സിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ജനറൽ ആശുപത്രിക്ക് പറ്റിയ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും അവിടെ നിലവിലില്ല. മാത്രമല്ല കുഷ്ഠരോഗ നിവാരണത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്ഥാപിച്ച ആശുപത്രിയായതിനാലും ആലപ്പുഴ ജില്ലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയും ജില്ലാ ആശുപത്രിയും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയും താലൂക്ക് ആശുപത്രിയും നിലവിൽ ഉള്ളതുകൊണ്ട് നൂറനാട് കുഷ്ഠരോഗാശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്താനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(12) കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ 9-03-2000-ൽ നടത്തുന്ന നിയമസഭാ മാർച്ച്

ശ്രീ. കെ. ബാബു : സർ, സംസ്ഥാനത്തെ രണ്ട് ലക്ഷത്തോളം പെൻഷൻകാരെ പ്രതിനിധീകരിക്കുന്ന കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. സംസ്ഥാനത്തെ പെൻഷൻകാർക്കു വേണ്ടി കാലോചിതമായി ഒരു പെൻഷൻ നിയമത്തിന് രൂപം നൽകണം. അതുപോലെ ദീർഘകാലമായി പെൻഷൻകാരുമായി സംസാരിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപം നൽകിയ ഒരു ക്ഷേമനിധി പദ്ധതി ഇന്ന് സർക്കാരിന്റെ കൈവശമുണ്ട്, അത് നടപ്പിലാക്കുക. പെൻഷൻകാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് രൂപം നൽകിയ ചികിത്സാ പദ്ധതി ഇപ്പോൾ സർക്കാരിന്റെ കൈവശമുണ്ട്, അത് നടപ്പിലാക്കുക. അതുപോലെ ബോണസിന്റെ കാര്യത്തിൽ പെൻഷൻകാർക്ക് നിശ്ചിത ദിവസങ്ങളിലെ പെൻഷൻ ബോണസായി നൽകുക, 21-7-1999-ൽ നിയമസഭയിൽ അങ്ങ് തന്നെ ബോണസിന്റെ കാര്യത്തിൽ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്, അത് നടപ്പിലാക്കുക, പെൻഷൻ പരിഷ്ക്കരണത്തിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പേജ് നമ്പർ 21-ൽ 11-ാമത്തെ ഐറ്റം ആയിട്ട് പെൻഷനെപ്പറ്റി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) 1871-ലെ പെൻഷൻ ആക്ട് പരിഷ്ക്കരിക്കുന്നതാണ്.

(ബി) പെൻഷൻകാർക്ക് ചികിത്സാ സഹായവും ക്ഷേമപദ്ധതിയും നടപ്പാക്കുന്നതാണ്.

(സി) സംഘടനാ പ്രതിനിധികളുമായി ചർച്ചചെയ്ത് പെൻഷൻ നയം പ്രഖ്യാപിക്കുന്നതാണ്. ഇത് ഇടതുപക്ഷ മുന്നണി പ്രസിദ്ധീകരിച്ചതാണ്. പ്രസിദ്ധീകരിച്ചത് എം. എം. ലോറൻസ് ആണെന്നുള്ള കുഴപ്പം മാത്രമേ അതിനുള്ളൂ. പെൻഷൻകാരുടെ പ്രശ്നങ്ങളെക്കുറിച്ച് പെൻഷൻകാരനായ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് തന്നെ നന്നായി അറിയാവുന്ന വിഷയമാണ്. അതുകൊണ്ട് അവർ ഉന്നയിക്കുന്ന ഈ ആവശ്യങ്ങളെകുറിച്ച് അടിയന്തിരമായി ഗവൺമെന്റ് അവരുമായി ചർച്ചചെയ്ത് ഒരു തീരുമാനമെടുക്കണം. അത് ഈ സഭയ്ക്ക് ഉറപ്പ് നൽകണം എന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പെൻഷൻ നിയമം കേന്ദ്രത്തിലും മറ്റ് സംസ്ഥാനങ്ങളിലുമെന്നതുപോലെ ഇവിടെയും സർവ്വീസ് ചട്ടങ്ങളുടെ എക്സ്റ്റൻഷനായിട്ടാണ് നിലവിലുള്ളത്. മുമ്പ് നിലവിലുണ്ടായിരുന്ന സേവന-വേതന-പെൻഷൻ ചട്ടങ്ങൾ സംസ്ഥാന പുനഃസംഘടനയുടെ ഭാഗമായി തുടരേണ്ടിവന്നത് ചരിത്രപരമായ കാരണങ്ങളാലാണ്. ആ വ്യവസ്ഥ സമൂലം മാറ്റി ഇവിടെ മാത്രം ഒരു പെൻഷൻ നിയമം നടപ്പിലാക്കേണ്ടതിന്റെ ഭരണപരമോ നിയമപരമോ ആയ എല്ലാ കാര്യങ്ങളും വളരെ വിപുലമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. നടപ്പിലാക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും അങ്ങിങ്ങ് പാളിച്ചകൾ വന്നിട്ടുണ്ടാകാമെങ്കിലും കെ.എസ്.ആർ. പാർട്ട് III ഒരു നിയമമെന്ന നിലയ്ക്ക് മാറി മാറി വന്ന സാഹചര്യങ്ങളെ നേരിടുന്നതിൽ പരാജയപ്പെട്ടു എന്നു കരുതാൻ നിർവ്വാഹമില്ല. കൂടാതെ ഒരു പ്രത്യേക പെൻഷൻ നിയമം കൊണ്ടുവന്നാൽ അത് നടപ്പിലാക്കാൻ ഒരു പ്രത്യേക ഭരണസംവിധാനം വേണ്ടിവരും. അതുമൂലം അധിക സാമ്പത്തിക ബാദ്ധ്യത വന്നുചേരും. ട്രഷറി ഭരണത്തിന്റെ ഭാഗമായി നടത്തിവരുന്ന ഇന്നത്തെ പെൻഷൻ വിതരണത്തിന് പ്രത്യേക ചെലവ് ഖജനാവിന് വരുന്നില്ല. സർ, പ്രതിവർഷം ആയിരത്തിയഞ്ഞൂറ് കോടിയിലധികം വരുന്ന അംശാദായം പെൻഷൻ ഫണ്ടിലേക്ക് ആക്കാൻ സർക്കാരിന് സാധിക്കുകയില്ല. സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്നും ചെലവു ചെയ്യുന്ന ഇന്നത്തെ രീതിയാണ് കൂടുതൽ ഫ്ളക്സിബിളായ വിതരണരീതി എന്ന് തോന്നുന്നു. ശമ്പളം പോലെതന്നെ പെൻഷൻ വിതരണവും വിഘ്നം കൂടാതെ നടത്തുന്നതിനായി എല്ലാ കാലത്തും ട്രഷറി നിയന്ത്രണത്തിൽനിന്നും എല്ലാ ഗവൺമെന്റുകളും വിമുക്തമാക്കിയിട്ടുണ്ട്. പെൻഷൻകാരോട് അങ്ങയറ്റത്തെ സഹാനുഭൂതിയോടുകൂടിയാണ് സർക്കാർ പെരുമാറുന്നത്. ആ പെൻഷൻ നിയമത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതൊരു സെൻട്രൽ ആക്ടാണ്. ഇവിടെ സർവ്വീസ് റൂൾസിന്റെ പാർട്ട് III പ്രകാരമായിട്ടാണ് കൊടുക്കുന്നത്. As far as the Supreme Court decision, Law includes not only legislation, but notification, orders, circulars or anything

LIBRARY ARCHIVES Kerala Legislative Assembly

done by the Central or State Governments in their jurisdiction. അപ്പോൾ ലാ എന്നുപറഞ്ഞാൽ മനുഷ്യൻ നിയമം അനുസരിക്കണമെന്നു പറഞ്ഞാൽ ഗവൺമെന്റ് ഇറക്കുന്ന എല്ലാ ഓർഡേഴ്സും നിയമമാണ്. സുപ്രീംകോടതി ആ രീതിയിലാണ് ലായെ വ്യാഖ്യാനിച്ചിട്ടുള്ളത്. ഏതായാലും അതിന്റെ ലീഗൽ ഇംപ്ലിക്കേഷനിലേക്ക് ഞാൻ കടക്കുന്നില്ല. ഇത്തരം ഒരു പെൻഷനെ സംബന്ധിച്ച് അവർ സംസാരിച്ചതാണ് സാർ, ആ പെൻഷൻ നിയമത്തിന്റെ ആവശ്യകത കുറച്ച് കൂടി ചർച്ചചെയ്ത് വിപുലമായ അതിന്റെ ഇംപ്ലിക്കേഷന്റെ എല്ലാ വശങ്ങളും പഠിക്കാനാണ്. ഇത്രയും കാലം അങ്ങനെയൊരു പെൻഷൻ ആക്ട് ഇവിടെ വന്നില്ല. 1871-ലെ പെൻഷൻ ആക്ടിനുശേഷം സ്റ്റേറ്റ് ഗവൺമെന്റും ഇത് ജീവനക്കാരുടെ ആവശ്യമെന്നപോലെ, ഇതിന്റെ എക്സ്ടെൻഷനായിട്ടാണ് ഇത് നടക്കുന്നത്. ശമ്പളം പോലെ, പിന്നെ മറ്റൊരു കാര്യം ചികിത്സാ പദ്ധതി. ആ ചികിത്സാ പദ്ധതി നിശ്ചയമായും ഈ ഗവൺമെന്റ് നടപ്പിലാക്കും. അടുത്ത വർഷം തന്നെ അത് നടപ്പിലാക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. അതുപോലെ തന്നെ ക്ഷേമനിധിയുടെ കാര്യം, അതും ഗവൺമെന്റ് അനുകൂലമായിത്തന്നെ പരിഗണിക്കും. അതിനോട് നിഷേധാർത്ഥമകമായ സമീപനമല്ല ഉള്ളത്. പലതവണ പറഞ്ഞതാണ് ഇപ്പോൾ പറയുന്നത്. നടക്കുമോ എന്ന് നോക്കുക. റോബർട്ട് ബ്രൂസ് എട്ടാമത്തെ തവണയാണ് യുദ്ധം ജയിച്ചത്, സ്കോട്ട്ലാന്റിലെ രാജാവായ അദ്ദേഹം ഏഴു പ്രാവശ്യം യുദ്ധം തോറ്റിട്ട് എട്ടാമത്തെ പ്രാവശ്യമാണ് ജയിച്ചത്. അപ്പോൾ എട്ടുപ്രാവശ്യം അങ്ങനെയുണ്ടാകും. എട്ടാമത് നോക്കുക.

മി. സ്പീക്കർ : റോബർട്ട് ബ്രൂസ് പഠിച്ചത് ചിലന്തിവലയിൽ നിന്നാണ്.

ശ്രീ. ടി. ശിവദാസമേനോൻ : അപ്പോൾ എന്നെ പ്രേരിപ്പിക്കുന്ന ചിലന്തികളാണ് ഇപ്പോൾ ഇവിടെയുള്ളത്. നിശ്ചയമായും ഈ പെൻഷൻ ആക്ട് അമെന്റുമെന്റ് കൊണ്ടുവരുന്ന മാതിരിയുള്ള കോംപ്ലിക്കേഷൻ ക്ഷേമനിധിയിലില്ല. അതുപോലെതന്നെ മെഡിക്കൽ സ്കീമിനുമില്ല. അത് സജീവമായിട്ടുതന്നെ ഗവൺമെന്റ് പരിഗണിക്കും. പിന്നെ ഇവർക്കു കൊടുക്കുന്ന ഫെസ്റ്റിവൽ അലവൻസ് അത് ഒരു സംഖ്യയാണ് കൊടുത്തിരുന്നത്. അവരുടെ ഡിമാന്റ് എന്താണെന്നുവച്ചാൽ എത്ര ദിവസത്തെ അല്ലെങ്കിൽ എത്ര മാസത്തെ എന്ന രീതിയിൽ ആകണമെന്നാണ് നിശ്ചയമായിട്ടും ആ രീതിയിൽ ചെയ്യും.

മി. സ്പീക്കർ : ശ്രീ. പി. പി. തങ്കച്ചൻ, അങ്ങയുടെ സബ്മിഷൻ അടുത്ത ദിവസം വയ്ക്കാമല്ലേ, തിങ്കളാഴ്ച.

ശ്രീ. പി. പി. തങ്കച്ചൻ : തിങ്കളാഴ്ച മന്ത്രി വരില്ല. അപ്പോൾ 20-ാം തീയതി തിങ്കളാഴ്ച വയ്ക്കാം.

(13) ട്രഷറി ജീവനക്കാർ മാർച്ച് 10-ാം തീയതി നടത്തുന്ന പണിമുടക്ക്

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ട്രഷറി വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പലവട്ടമായി അഞ്ചു നിവേദനങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രശ്ന പരിഹാരാർത്ഥം ചർച്ച നടത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനൊന്നും ഇതുവരെയാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഈ വകുപ്പിലെ കാര്യങ്ങളെ കുറിച്ച് മന്ത്രി ഇതുവരെ സർവ്വീസ് സംഘടനകളെ വിളിച്ച് ആലോചിച്ചിട്ടില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly